# Malayala Manorama

# 27 August 2018

# After Flood, Writing Notes, Children Who Lost Books in Flood



# സ്നേഹമെഴുത്ത്

## പ്രളയത്തിൽ ബുക്കുകൾ നഷ്ടപ്പെട്ട കുട്ടികൾക്ക് നോട്ടെഴുതിക്കൊടുത്ത് സന്നദ്ധസംഘം

**മനോരമ ലേഖകർ**

ദുരിതമഴയിൽ കുതിർന്നു മാഞ്ഞുപോയ അക്ഷരങ്ങൾ. ഓരോ കുഞ്ഞിന്റെയും കണ്ണീരുപ്പിൽ മഷി പടർന്ന നോട്ടുബുക്കുകൾ. പക്ഷേ, ഓണാവധി കഴിഞ്ഞു തിരികെ സ്കൂളിലെത്തുമ്പോൾ അവരെക്കാത്ത് എഴുതിത്തീർത്ത നോട്ടുബുക്കുകൾ ഇരിപ്പുണ്ടാവും. ഇതുവരെ പഠിപ്പിച്ചതെല്ലാം എഴുതിയ ബുക്കുകൾ.

സംസ്ഥാനത്തു വിവിധയിടങ്ങളിൽ സ്കൂളുകൾ കേന്ദ്രീകരിച്ചു നോട്ട് പകർത്തിയെഴുതൽ പ്രവർത്തനങ്ങൾ ആരംഭിച്ചു. കോഴിക്കോട് അരയിടത്തുപാലത്തുള്ള 'ടീം ഇൻക്യുബേഷൻ' എന്ന യുവ സന്നദ്ധ സംഘടനയാണ് ഈ ആശയവുമായി രംഗത്തെത്തിയത്. യുപി, ഹൈസ്കൂൾ ക്ലാസുകളിലെ മുഴുവൻ നോട്ടുബുക്കുകളും പകർത്തിയെഴുതി നൽകുകയാണു ലക്ഷ്യം.

വയനാട്, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി തുടങ്ങിയ ജില്ലകളിൽ വെള്ളപ്പൊക്കത്തിൽ കുതിർന്നുപോയ പുസ്തകങ്ങളുടെ കണക്കെടുക്കുകയാണ് ഇവർ ആദ്യം ചെയ്തത്. സമൂഹമാധ്യമങ്ങൾ വഴി വൊളന്റിയർമാരെ ക്ഷണിച്ചു. ഡൽഹി മുതൽ തിരുവനന്തപുരം വരെ അനേകം സ്ഥലങ്ങളിലുള്ള പല പല ജോലികൾ ചെയ്യുന്ന മലയാളികളാണ് ഇതു വഴി കൂട്ടായ്മയിലേക്കു വന്നെത്തിയത്.

പുസ്തകങ്ങൾ പകർത്തിയെഴുതുന്ന പദ്ധതി ഏകദേശം പൂർത്തിയായതായി പരിപാടിയുടെ അണിയറക്കാരിൽ ഒരാളായ മുഹമ്മദ് ബിൻഷാദ് പറഞ്ഞു. എഴുതി പൂർത്തിയാക്കിയ ബുക്കുകൾ രണ്ടുദിവസമായി ശേഖരിച്ചു വരികയാണ്. തുടർന്ന് എല്ലാ ജില്ലകളിലും വിതരണം ചെയ്യും.

ടീം ഇൻക്യുബേഷന് ഈ ആശയം ലഭിച്ചത് ഒരു അനാഥാലയത്തിൽനിന്നാണ്. സ്വാതന്ത്ര്യദിനാഘോഷത്തിന് അരീക്കോട് കിഴിശ്ശേരിയിലുള്ള ഒരു അനാഥാലയത്തിൽ എത്തിയതായിരുന്നു സംഘം. ഇത്തവണ വസ്ത്രവും സമ്മാനങ്ങളുമൊന്നും വേണ്ടെന്നു വിദ്യാർഥികൾ പറഞ്ഞു. നോട്ടുബുക്കുകൾ വാങ്ങി നൽകിയാൽ വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിലെ കുട്ടികൾക്കായി പുസ്തകം പകർത്തി നൽകാമെന്ന് അവരാണ് ആദ്യം പറഞ്ഞത്. നിർദേശം കേട്ടയുടനെ സമൂഹമാധ്യമം വഴി ഒരു വലിയ മുന്നേറ്റത്തിനുള്ള സാധ്യത കണ്ടറിയുകയായിരുന്നു.

തിരുവനന്തപുരം ജില്ലയിൽ ശ്രീവിവേകാനന്ദ മെമ്മോറിയൽ സ്കൂൾ, നെയ്യാറ്റിൻകര സെന്റ് ഫിലോമിനാസ് സ്കൂളിലെ നല്ലപാഠം ക്ലബ്, പൂന്തുറ എന്നിവിടങ്ങളിൽ നിന്നെത്തിയ നൂറുകണക്കിനു കുട്ടികൾക്കു പുറമെ മറ്റു കുട്ടികളും രക്ഷിതാക്കളും പ്രളയമെഴുത്തിൽ പങ്കെടുത്തു. തലസ്ഥാനത്തെ സെന്റ് ജോസഫ്സ് സ്കൂൾ ആയിരുന്നു ആതിഥ്യം വഹിച്ചത്.

മലപ്പുറം പൊന്നാനി തൃക്കാവ് ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ എൻഎസ്എസ് വിദ്യാർഥികളും തേഞ്ഞിപ്പലം ചേളാരി ഗവ. വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂളിലെ പ്രിന്റിങ് ടെക്നോളജി വിദ്യാർഥികളും രംഗത്തുണ്ട്. പാലക്കാട് ശ്രീകൃഷ്ണപുരം കരിമ്പുഴ ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകരും വിദ്യാർഥികളും സയൻസ്, സോഷ്യൽ സയൻസ് നോട്ടുകൾ പകർത്തിയെഴുതാൻ സ്കൂളിൽ ഒത്തുചേർന്നു.

കൊല്ലം പെരുങ്കുളം ബാപ്പുജി സ്മാരക വായനശാലയുടെ നേതൃത്വത്തിൽ മുന്നൂറിലേറെ പേർ ഇപ്പോൾ ബുക്കുകൾ എഴുതിത്തുടങ്ങിയതായി പ്രസിഡന്റ് പെരുങ്കുളം രാജീവ് അറിയിച്ചു. അയ്യായിരത്തോളം ബുക്കുകൾ വിതരണം ചെയ്യുകയാണു ലക്ഷ്യം.

വെള്ളപ്പൊക്കത്തിൽ വിദ്യാർഥികൾക്ക് നഷ്ടപ്പെട്ട നോട്ട്ബുക്കുകൾ പകർത്തി നൽകുന്നതിനായി, ടീം ഇൻക്യുബേഷന്റെ നേതൃത്വത്തിൽ വടകര റാണി പബ്ലിക് സ്കൂളിൽ നടത്തിയ ക്യാംപ്